# മുത്തൂറ്റ് ഗ്രൂപ്പ് വേമ്പനാട് കായൽ കയ്യേറുന്നു

**കേരളീയം വാർത്താശൃംഖല**

**അതീവ** ഗുരുതരമായ പാരിസ്ഥിതിക പ്രശ്നങ്ങൾ നേരിടുന്ന വേമ്പനാട് കായൽ കയ്യേറി മുത്തൂറ്റ് ഗ്രൂപ്പ് നടത്തുന്ന നിർമ്മാണപ്രവർത്തനത്തിനെതിരെ പ്രതിഷേധം ശക്തമാകുന്നു. ആലപ്പുഴ ജില്ലയുടെ വടക്ക് പാണാവള്ളി പഞ്ചായത്തിൽ വേമ്പനാട്ടുകായലിന്റെ മധ്യഭാഗത്ത് സ്ഥിതിചെയ്യുന്ന നെടിയതുരുത്ത് എന്ന ദ്വീപിലാണ് മുത്തൂറ്റ് ഗ്രൂപ്പ് എല്ലാ നിയമങ്ങളും കാറ്റിൽ പറത്തി അനധികൃത നിർമ്മാണം ആരംഭിച്ചിരിക്കുന്നത്. മൂത്തൂറ്റ് റോയി.എം. മാത്യു 2007ൽ ഈ സ്ഥലം വാങ്ങുകയും കാപ്പിക്കോ കേരള റിസോർട്ട് എന്ന പേരിൽ ഒരു കമ്പനി രജിസ്റ്റർ ചെയ്ത് റിസോർട്ട് നിർമ്മാണം ആരംഭിക്കുകയും ചെയ്തു. അന്ന് 11.5 ഏക്കറോളം വിസ്തൃതിയുണ്ടായിരുന്ന തുരുത്തിൽ പുറമെ നിന്ന് ആയിരക്കണക്കിന് ലോഡ് പൂഴിയും ഗ്രാവലും നിറച്ച് കായൽ നികത്തി. ഇപ്പോൾ തുരുത്തിന്റെ വിസ്തൃതി 20 ഏക്കറിൽ അധികമായിരിക്കുന്നു. തുരുത്തിനകത്തെ രണ്ട് നെൽവയലുകൾ സ്വിമ്മിംഗ് പൂളാക്കി മാറ്റി. 61 വില്ലകളാണ് അവർ കായലിൽ നിർമ്മിച്ചിരിക്കുന്നത്. ദേശീയ ജലപാതയോട് ചേർന്ന് നാല് പുലിമുട്ടുകൾ നിർമ്മിച്ചു. അടുത്ത തുരുത്തായ പെരുമ്പളം ദ്വീപിൽ കുഴൽക്കിണറും ടാങ്കും സ്ഥാപിച്ച് ഭൂഗർഭജലം ഊറ്റാനും ശ്രമം നടക്കുന്നുണ്ട്. പാണാവള്ളിയിൽ നിന്നും കായലിനടിയിലൂടെ വൈദ്യുത കേബിൾ വലിക്കുന്നുമുണ്ട്.

നെൽവയൽ - നീർത്തട സംരക്ഷണ നിയമത്തിന്റെയും തീരദേശപരിപാലന നിയമത്തിന്റെയും ഉൾനാടൻ മത്സ്യബന്ധന നിയമത്തിന്റെയും കെട്ടിട നിർമ്മാണ നിയമത്തിന്റെയും നഗ്നമായ ലംഘനമാണ് ഇവിടെ നടക്കുന്നത്. സാമ്പത്തിക ശേഷികൊണ്ട് നിയമങ്ങൾ പരസ്യമായി അട്ടിമറിക്കുകയാണ് മുത്തൂറ്റ് ഗ്രൂപ്പ്. മത്സ്യകേരളത്തിന്റെയും ജീവനാഡിയും ലക്ഷക്കണക്കിന് മത്സ്യത്തൊഴിലാളികളുടെ ഉപജീവനത്തിന്റെ അടിത്തറയുമായ വേമ്പനാട് കായൽ നശിപ്പിക്കുന്ന റിസോർട്ട് ലോബിക്കെതിരെ ജനങ്ങളുടെ മുൻകൈയിലും മത്സ്യത്തൊഴിലാളി സംഘടനകളുടെയും ആഭിമുഖ്യത്തിൽ ശക്തമായ സമരം നടക്കുന്നുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തിരമായി തടയണമെന്നും കമ്പനി ഉടമസ്ഥർക്കെതിരെ നടപടിയെടുക്കണമെന്നും സമരപ്രവർത്തകർ ആവശ്യപ്പെടുന്നു.

**നിയമലംഘനങ്ങൾ**

1. CRZ 2011 നിയമപ്രകാരം കേന്ദ്രവനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി വാങ്ങിയിട്ടില്ല.

2. EIA 2006 നോട്ടിഫിക്കേഷൻ പ്രകാരമുള്ള പരിസ്ഥിതി ആഘാതനിർണ്ണയം നടത്തിയിട്ടില്ല.

3. ഇറിഗേഷൻ വകുപ്പിന്റേയും കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിട്ടിയുടെയും അനുമതിയില്ലാതെ ജങ്കാർജട്ടി നിർമ്മിച്ചു.

4. നിലം പരിവർത്തനപ്പെടുത്തി നെൽവയൽ-നീർത്തട സംരക്ഷണ നിയമത്തിന്റെ ലംഘനം നടത്തി.

5. അനുവാദമില്ലാതെ ദേശീയ ജലപാത 3-ൽ അഞ്ച് പുലിമുട്ടുകൾ നിർമ്മിച്ചു

6. CRZ-V പ്രകാരമുള്ള ദൂരപരിധി പാലിക്കാതെ 60 വില്ലകൾ കായൽതീരത്തു നിർമ്മിച്ചു.

7. തുരുത്തിന് വടക്കുള്ള കായലിൽ നിന്നും അരകിലോമീറ്റർ അകലെയുള്ള പെരുമ്പളം ദ്വീപിൽ നിന്നും ഭൂഗർഭജലം അനധികൃതമായി ഊറ്റി കായലിലൂടെ നെടിയതുരുത്തിലേക്ക് കൊണ്ടുവരാൻ ശ്രമിക്കുന്നു.

8. ഒരു കിലോമീറ്റർ പടിഞ്ഞാറുള്ള പാണാവള്ളിയിൽ നിന്നും വൈദ്യുതി കേബിൾ കായലിനടിയിലൂടെ മതിയായ അനുമതി വാങ്ങാതെ വലിച്ചുകൊണ്ടിരിക്കുന്നു.

*ബന്ധങ്ങൾക്ക്: 8129764114*



നെടിയതുരുത്തിന്റെ വിവിധ കാലങ്ങളിലെ ഗൂഗിൾ എർത്ത് ചിത്രങ്ങൾ. നിറയെ നീർത്തടങ്ങളുണ്ടായിരുന്ന തുരുത്ത് പൂർണ്ണമായും നികത്തി റിസോർട്ടുകൾ നിർമ്മിച്ചിരിക്കുന്നത് വ്യക്തമായി കാണാം.